**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ഫിസിഷ്യൻമാർക്ക് ഹോണറേറിയം നൽകുന്നതിന് പരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3348/2014/തസ്വഭവ തീയതി, തിരുവനന്തപുരം, 18.12.2014

==================================================================

പരാമർശം:- 1) ജി.ഒ. (ആർ.ടി) 3069/05/തസ്വഭവ തീയതി 02.08.2005.
2) പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 27.07.2013 തീയതിയിലെ PH1.4786/95 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 11.10.2014-ലെ ഡി.സി3-13800/2013 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പെരുമ്പാവൂർ നഗരസഭയിൽ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോ.വി.രാജാറാമിന് മേൽ ഒന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 1000/- രൂപ ഹോണറേറിയം 5000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. ഹോണറേറിയം വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഫിസിഷ്യൻമാർക്ക് ഒരു മണിക്കൂർ സേവനത്തിന് 150/- രൂപ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 40 മണിക്കൂർ സേവനം കണക്കാക്കി പ്രതിമാസം 6000/- രൂപ ഹോണറേറിയം നൽകുന്നതിന് എല്ലാ നഗരസഭകൾക്കും പൊതുവായ പരിധി നിശ്ചയിച്ച് ഉത്തരവാകാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ നഗരസഭകളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഫിസിഷ്യൻമാർക്ക് ഒരു മണിക്കൂർ സേവനത്തിന് 150/- രൂപ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 40 മണിക്കൂർ സേവനം കണക്കാക്കി പ്രതിമാസം 6,000/- രൂപ ഹോണറേറിയം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇത്തരത്തിൽ ഹോണറേറിയം നൽകുന്നതുമൂലം നഗരസഭകൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**
**സെക്രട്ടറി.**

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**